പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 01.07.2019 ൽ

നിയമസഭാ ചോദ്യം നമ്പർ 5370 | മറുപടിക്ക്

## സിമന്റ് വില നിയന്ത്രിക്കാൻ നടപടി

ചോദ്യം
ശ്രീ.കെ.ജെ. മാക്സി

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ സിമന്റ് വിലയിൽ വന്ന വർദ്ധനവിന്റെ വിശദാംശം ലഭ്യമാക്കുമോ ; | എ) | അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് വില താരതമ്യേന കൂടുതലാണ്. മറ്റ് പ്രൈവറ്റ് സിമിന്റ് കമ്പനിക്കാരുടെ ബില്ലിംഗ് വില 400/- രൂപ മുതൽ 430/- രൂപ വരെ ആണെങ്കിലും ഹോൾസെയിൽ വില ഏകദേശം 340/- നും 365/- നും ഇടയ്ക്കാണ്. ഒരു ബാഗിന് ചില്ലറ വിൽപ്പന വില ഇപ്പോൾ ഏകദേശം 370/- നും 390/- നും ഇടയ്ക്കാണ്. സാധാരണ ജനങ്ങൾക്ക് മിതമായ വിലയിൽ സിമന്റ് ലഭ്യമാകണമെന്ന ഉദ്ദേശത്തോട് കൂടി മലബാർ സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടില്ല. |
| ബി) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമന്റ് വലിയ തോതിൽ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സിമന്റ് വില നിയന്ത്രിക്കുന്നതിനും വിലയിൽ കുറവ് വരുത്തുന്നതിനും സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | ബി)<br>ഉം<br>സി) | സംസ്ഥാനം നേരിട്ട മഹാ പ്രളയത്തിനു ശേഷമുള്ള വിവിധ നിർമ്മാണ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യകത സിമന്റിന്റെ ഉപഭോഗത്തിൽ വൻ വർദ്ധനവിന് കാരണമായിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29.7.2016, 10.5.2017, 22/11/2018, 19/2/2019 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13.9.2017 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ |
| സി) | പ്രളയബാധിതർക്കുള്ള വീട് നിർമ്മാണത്തിന് അൻപത് ശതമാനം വിലക്കുറവിൽ സിമന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് ഉല്പാദകരുടെ യോഗം 2.5.2019 ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു. |
| ഡി) | മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും വിപണിയിൽ ഇടപെട്ട് മിതമായ നിരക്കിൽ വിപണനം നടത്താനും വിലക്കയറ്റം പിടിച്ചുനിർത്താനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | ഡി) | കേരളത്തിൽ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും, യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും ജില്ലകൾ തോറും സഹകരണ മേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേയും മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ്ബ് സുസജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാന സർക്കാർ 2016-ൽ മലബാർ സിമന്റ്സിന് വേണ്ടി കൊച്ചി തുറമുഖത്തിന് സമീപം ഏറ്റെടുത്തിട്ടുള്ള 6.93 ഏക്കർ ഭൂമിയിൽ നാളിതുവരെ യാതൊരുവിധ പ്രവർത്തനവും നടത്തിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇ)<br>ഉം<br>എഫ്) | മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ കമ്പനികളെയാണ് സിമന്റിനായി സംസ്ഥാനത്തെ ജനങ്ങൾ ആശ്രയിക്കുന്നത്. ആയതിനാൽ കേരളത്തിലെ സിമന്റിന്റെ ആവശ്യതകയുടെ 20 ശതമാനമെങ്കിലും വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി തുറമുഖത്ത് ബൾക്ക് സിമന്റ് ടെർമിനൽ & ലോജിസ്റ്റിക് ഹബ്ബ് എന്ന പദ്ധതി വിഭാവനം ചെയ്തത്. 6 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുവാൻ ഉദ്ദേശിക്കുന്ന, നാഷണൽ കൗൺസിൽ ഫോർ സിമന്റ് ആന്റ് ബിൽഡിംഗ് മെറ്റീരിയൽ തയ്യാറാക്കിയ, സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 160 കോടി ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിയ്ക്ക് 21.10.2014 ലെ |
| എഫ്) | എങ്കിൽ ബൃഹത്തായ രീതിയിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ.ഉ (കൈ)നം.145/14/വ്യവ പ്രകാരം അനുമതി നൽകിയിരുന്നു. അതനുസരിച്ച് പോർട്ട് ട്രസ്റ്റിന്റെ 6.93 ഏക്കർ സ്ഥലം പാട്ടത്തിന് എടുക്കുന്നതിനായി KVAT ലോണായി മൊത്തം 48.67 കോടി രൂപ [(22.03.2016 ലെ സ.ഉ.(സാധാ)304/2016/വ്യവ പ്രകാരം 12.08 കോടി, 24.05.2016 ലെ സ.ഉ.(സാധാ) 459/2016/വ്യവ പ്രകാരം 15 കോടി, 4.3.2017 ലെ സ.ഉ.(സാധാ) 312/2017/വ്യവ പ്രകാരം 21.59 കോടി)] സർക്കാർ അനുവധിക്കുകയും, കമ്പനി 57.89 കോടി രൂപ മുടക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് വിശദമായി പരിശോധിക്കുന്നതിനായി ഈ രംഗത്ത് വിദഗ്ധ ഏജൻസിയായ ഹോൾട്ടക്കിനെ (Holtec) ടെൻഡർ വഴി കണ്ടെത്തുകയും അവർ 10 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുന്നതും ആയതിന് 275.85 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ ഒരു വിശദമായ റിപ്പോർട്ട് (DPR) തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലത്ത് നിശ്ചയിച്ചിട്ടുള്ള സിമന്റ് ഹാൻഡ് ലിംഗ് യൂണിറ്റ് എന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആരോപണത്തെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിൽ, പദ്ധതിയെക്കുറിച്ച് വിശദമായി പഠിക്കാതെയും പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുതകൾ മറച്ചു വച്ചും 58 കോടി രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ